നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2026 ഫെബ്രുവരി വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ

61

# ഹരിതകേരളം ദേശീയ പരിസ്ഥിതി സമ്മേളനം 2026

2026 ഫെബ്രുവരി 23-25 തിരുവനന്തപുരം

**ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നിർവഹിക്കും**

**ഫെബ്രുവരി 23 മുതൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ വിഷയമാക്കി പ്രദർശനം**

കഴിഞ്ഞ പത്തുവർഷങ്ങളിലായി സംസ്ഥാനത്ത് നടപ്പാക്കിയ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളെ മുൻ നിർത്തി ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന സമ്മേളനം ഫെബ്രുവരി 23 ന് ഉച്ചയ്ക്ക് 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാർ, ജനപ്രതിനിധികൾ, പരിസ്ഥിതി മേഖലയിലെ വിദഗ്ധർ, ഗവേഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, മാധ്യമ പ്രവർത്തകർ, വിവിധ സംഘടനാ പ്രതിനിധികൾ, വിവിധ വകുപ്പു മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും.

ശുചിത്വം, മാലിന്യസംസ്കരണം, ജലസുരക്ഷ, കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം, നെറ്റ് സീറോ കാർബൺ കേരളം, ഊർജ്ജം, ഗതാഗതം, കാലാവസ്ഥാ വ്യതിയാനം, പച്ചത്തുരുത്തുകൾ, മനുഷ്യ-വന്യമൃഗ സംഘർഷം, പ്രകൃതി പുനഃസ്ഥാപനവും മാധ്യമങ്ങളും തുടങ്ങിയ വിഷയങ്ങളിൽ പ്രബന്ധാവതരണം, പാനൽചർച്ച, വിദഗ്ധരുടെ പ്രതികരണങ്ങൾ എന്നിവയാണ് സമ്മേളനത്തിലെ മുഖ്യ ആകർഷണം. രണ്ട് സമാന്തരവേദികളിലായി നടക്കുന്ന 18 സെഷനുകളിൽ 73 പ്രബന്ധാവതരണങ്ങൾ നടക്കും. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവതരണങ്ങളും പദ്ധതി ഗുണഭോക്താക്കളുടെ സംഗമവും ഇതോടൊപ്പം ഉണ്ടാകും. ഫെബ്രുവരി 23 മുതൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ വിഷയമാക്കി അറുപതിലധികം സ്റ്റാളുകളിലായി പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. പ്രദർശനം കാണാനെത്തുന്നവർക്ക് പ്രവേശനം സൗജന്യമാണ്. ദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനത്തിൽ ഉരുത്തിരിയുന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച ശുപാർശകൾ സർക്കാരിന് സമർപ്പിക്കും.



## കേരള വിദ്യാഭ്യാസ രംഗം പഠിക്കാൻ സ്വീഡിഷ് സംഘം മന്ത്രി വി. ശിവൻകുട്ടിയെ സന്ദർശിച്ചു

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ച് മനസ്സിലാക്കുന്നതിനും ഗവേഷണത്തിനുമായി കേരളത്തിലെത്തിയ ലോകാധ്യാപക സംഘടനയായ എജ്യുക്കേഷൻ ഇന്റർനാഷണൽ, സ്വീഡിഷ് ടീച്ചേഴ്സ് യൂണിയൻ എന്നിവയുടെ നേതാക്കൾ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയെ സന്ദർശിച്ചു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളും വെല്ലുവിളികളും സംഘം മന്ത്രിയുമായി പങ്കുവെച്ചു.. ലോകാധ്യാപക സംഘടനയിൽ അംഗത്വമുള്ള കെ.പി.എസ്.ടി.എ യുടെ അതിഥികളായാണ് സംഘം എത്തിയത്. കുട്ടികളുടെ അച്ചടക്കം, സൗജന്യ വിദ്യാഭ്യാസം, ഉച്ചഭക്ഷണം, യൂണിഫോം എന്നിവ മികച്ച നേട്ടമാണെന്നും ഗണിത പഠനം നിലവാരം പുലർത്തുന്നുവെന്നും സംഘം വിലയിരുത്തി. എയ്ഞ്ചല ടെഡ്, മത്യാസ് വിക്സ്റ്റോം, അയ അമീൻ, നീൽസ് എറിക്സൺ എന്നിവരാണ് സ്വീഡിഷ് ഗവേഷണ സംഘത്തിലുള്ളത്.



## തൃത്താലപ്പെരുമ നേരിട്ടറിയാൻ ജാർഖണ്ഡ് സംഘമെത്തി

മാതൃകാപരമായ സുസ്ഥിര തൃത്താല പദ്ധതി മണ്ഡലത്തിൽ ആവിഷ്കരിച്ച മന്ത്രി എം.ബി രാജേഷിനെ അഭിനന്ദിച്ച് ജാർഖണ്ഡ് ടീം. പദ്ധതി മുഖേന മണ്ഡലത്തിലെ ഭൂഗർഭ ജല വിതാനത്തിൽ വരുത്തിയ വർദ്ധനവ് മാതൃകാപരമാണെന്നും സംഘം വിലയിരുത്തി. സുസ്ഥിര വികസനത്തിൽ മാതൃക തീർത്ത പദ്ധതി ജാർഖണ്ഡിൽ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചും വകുപ്പ് സംയോജനം സംബന്ധിച്ചും സംഘം മന്ത്രിയുമായി ആശയ വിനിമയം നടത്തി.



# എഡിറ്റോറിയൽ

## ഹരിതകേരളം : പ്രകൃതിയും വികസനവും കൈകോർക്കുന്ന നവകേരള മാതൃക



കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സംരക്ഷണത്തെ ജനകീയ പ്രസ്ഥാനമാക്കി മാറ്റിയ ദൗത്യമാണ് ഹരിതകേരളം മിഷൻ. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിത കേരളം മിഷൻ നൽകിയത്. വെള്ളം, വൃത്തി, വിളവ് എന്ന ലളിതവും എന്നാൽ ശക്തവുമായ മുദ്രാവാക്യമുയർത്തി ആരംഭിച്ച ഈ ജനകീയ പദ്ധതി ഒരു ദശാബ്ദക്കാലം കൊണ്ട് ശ്രദ്ധേയമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. മാലിന്യ സംസ്കരണം, ജലസംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷിവ്യാപനം എന്നീ മൂന്നു സ്തംഭങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം കേരളത്തിന്റെ ഗ്രാമ-നഗര മുഖഛായയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്.

ഹരിത കർമസേനയുടെ രൂപീകരണം കേരളത്തിന്റെ മാലിന്യ സംസ്കരണ ചരിത്രത്തിലെ നാഴികക്കല്ലാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും അവ പുനരുപയോഗത്തിനായി കൈമാറുകയും ചെയ്യുന്ന സംവിധാനം താഴെത്തട്ടിൽ വരെ വിജയിപ്പിക്കാൻ മിഷന് സാധിച്ചു. 'മാലിന്യമുക്തം നവകേരളം' എന്ന ലക്ഷ്യത്തിലേക്കുള്ള വലിയൊരു ചുവടുവയ്പ്പാണിത്.

വറ്റിവരണ്ട തോടുകളും പുഴകളും വീണ്ടെടുക്കാൻ ആവിഷ്കരിച്ചു നടപ്പാക്കിയ 'ഇനി ഞാനൊഴുകട്ടെ' പോലുള്ള ക്യാമ്പയിനുകൾ ശ്രദ്ധേയമായി. ജനപങ്കാളിത്തത്തോടെ കിലോമീറ്ററുകളോളം നീർച്ചാലുകൾ ശുചീകരിച്ചതും നീർത്തട സംരക്ഷണ പ്രവർത്തനങ്ങളും കേരളത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. മഴവെള്ള സംഭരണവും കിണർ റീചാർജിംഗും കുളങ്ങളുടെ നവീകരണവും നാടിന്റെ ജലലഭ്യത വർധിപ്പിച്ചു.

തരിശു ഭൂമികൾ കൃഷിയിടങ്ങളാക്കി മാറ്റിയതും സുരക്ഷിത പച്ചക്കറി ഉത്പാദനത്തിൽ കൈവരിച്ച നേട്ടങ്ങളും കേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് കരുത്തേകി. പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള 'പച്ചത്തുരുത്തുകൾ' എന്ന ആശയം വഴി ഗ്രാമങ്ങളിലും നഗരങ്ങളിലും ചെറുവന സൃഷ്ടിയിലൂടെ പച്ചപ്പൊരുക്കി. നെറ്റ് സീറോ കാർബൺ അവസ്ഥയിലേക്ക് 2050ൽ കേരളമെത്തുമെന്ന പ്രഖ്യാപനത്തിനനുസരണമായി നടപ്പാക്കിവരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ദേശീയ ശ്രദ്ധ നേടി.

പ്രകൃതിയുമായി ഇണങ്ങിനിന്നുള്ള ഒരു നവകേരള നിർമ്മിതിക്ക് ഹരിതകേരളം മിഷൻ പകർന്നു നൽകിയ ഊർജ്ജം വരുംതലമുറയ്ക്കുള്ള കരുതലാണ്. ഈ പശ്ചാത്തലത്തിലാണ് ഒരു പതിറ്റാണ്ടിന്റെ പാരിസ്ഥിതിക മുന്നേറ്റങ്ങൾ അടിസ്ഥാനമാക്കി ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുന്നത്. ദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനത്തിൽ ഉരുത്തിരിയുന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് പരിസ്ഥിതി പുനസ്ഥാപനത്തിന്റെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച ശുപാർശകൾ സർക്കാരിന് സമർപ്പിക്കും.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

ജല സംരക്ഷണം, കാർഷിക മുന്നേറ്റം തുടങ്ങി സമഗ്ര മേഖലയിലും പദ്ധതി മുഖേന വികസനം സാധ്യമാക്കാൻ കഴിഞ്ഞതായി മന്ത്രി അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വം, പൊതുജന പങ്കാളിത്തം, എന്നിവ നേരിട്ട് മനസ്സിലാക്കി സുസ്ഥിര തൃത്താല പദ്ധതിയുടെ പ്രത്യേകതകളായ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജനം, കില ഡയറക്ടർ ജനറൽ എ. നിസാമുദ്ദീൻ ഐ.എ.എസ്. വിശദീകരിച്ചു.

ജാർഖണ്ഡിലെ 13 ജില്ലകളിലെ ഡെപ്യൂട്ടി ഡവലപ്പ്മെന്റ് കമ്മീഷ്ണർമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ ഉൾപ്പെടെയുള്ള മുപ്പതംഗ സംഘമാണ് സുസ്ഥിര തൃത്താല പദ്ധതി സന്ദർശനത്തിനായി തൃത്താല മണ്ഡലത്തിലെത്തിയത്. കിലയുടെ നേതൃത്വത്തിലായിരുന്നു സന്ദർശനം.

തൃത്താലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പാക്കിയതെന്ന് മന്ത്രി പറഞ്ഞു. ഇതിനകം രാജ്യ ശ്രദ്ധ നേടിയ പദ്ധതിയാണ് സുസ്ഥിര തൃത്താല.

ഭാരതപ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം, കാർഷികോൽപ്പാദന വർധന, തരിശുരഹിത പ്രവർത്തനങ്ങൾ, ശാസ്ത്രീയ മാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കിയത്.

പദ്ധതി പ്രദേശങ്ങളായ പാപ്പിക്കുളം, മങ്ങാട്ടുകുളം,വിവിധ കൃഷിയിടങ്ങൾ, കിണർ റീചാർജ്ജിങ്ങ് പ്രവർത്തനങ്ങൾ എന്നിവ സംഘം സന്ദർശിച്ചു.

തൃത്താല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ആർ. കുഞ്ഞുണ്ണി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഡോ. ടി.വി. നിഷ, കെ.പി വിബിലേഷ്, സുസ്ഥിര തൃത്താല പദ്ധതി കോർഡിനേറ്റർ പി. സെയ്തലവി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും ഇവർക്കൊപ്പം സ്ഥല സന്ദർശനത്തിൽ പങ്കെടുത്തു.

# മലയൻകീഴ് താലൂക്ക് ആശുപത്രി പുതിയ ബഹുനില മന്ദിരം ഉദ്ഘാടനം ചെയ്തു

സാധാരണ ജനങ്ങൾക്ക് സമയബന്ധിതവും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പാക്കുക സർക്കാരിന്റെ കടമയാണെന്നും ആരോഗ്യം മനുഷ്യന്റെ അടിസ്ഥാന അവകാശമാണെന്നും ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പുതിയ ബഹുനില മന്ദിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

2016 ന് മുമ്പ് 40,000 കുടുംബങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ തുക മുപ്പതിനായിരം രൂപയായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ കീഴിൽ 42.5 ലക്ഷം കുടുംബങ്ങൾ ഇൻഷുറൻസ് പരിരക്ഷ നേടി. ഇൻഷുറൻസ് പരിരക്ഷ തുക 5 ലക്ഷമായി. 2016 ന് മുൻപ് 12 ആശുപത്രികളിലാണ് ഡയാലിസിസ് ലാബ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് 125 ആശുപത്രികളിൽ ഡയാലിസിസ് ലാബുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും 'കാത്ത് ലാബ്' സ്ഥാപിക്കാൻ കഴിഞ്ഞത് സർക്കാർ ആരോഗ്യ മേഖലയിൽ കൈവരിച്ച പ്രധാന നേട്ടങ്ങളിലൊന്നാണെന്നും മന്ത്രി പറഞ്ഞു.

സർക്കാർ ആശുപത്രികൾ ഗണ്യമായ പുരോഗതി കൈവരിക്കുകയും പൊതുജനവിശ്വാസം വർധിപ്പിച്ച്, നിരവധി അനുകൂല നേട്ടങ്ങൾ സ്വന്തമാക്കി. പുതിയ താലൂക്ക് ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതോടെ മലയിൻകീഴിനെയും പരിസര പഞ്ചായത്തുകളെയും ആശ്രയിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് സമീപത്തുതന്നെ ചികിത്സ ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു.

24 മണിക്കൂറും പ്രവർത്തിക്കുന്ന നാല് ഒബ്സർവേഷൻ കിടക്കകളുള്ള അത്യാഹിത വിഭാഗം, ഒരേസമയം സേവനം ലഭ്യമാക്കുന്ന ഒൻപത് ഒ.പി. റൂമുകൾ, കുട്ടികൾക്കായുള്ള ഒ.പി., ജനറൽ മെഡിസിൻ, ദന്തൽ ഒ.പി.കൾ തുടങ്ങിയവയെല്ലാം ആധുനിക രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. കിഫ്ബിയിൽ നിന്ന് 23.31 കോടി രൂപ ചെലവഴിച്ചാണ് ആറുനില കെട്ടിടം നിർമിച്ചത്.



സ്ത്രീകൾ, പുരുഷന്മാർ കുട്ടികൾ തുടങ്ങിയവർക്കായി 32 കിടക്കകൾ ഉൾക്കൊള്ളുന്ന വാർഡുകൾ, കേന്ദ്രീകൃത ശീതീകരണ സംവിധാനങ്ങളോടെയുള്ള മൈനർ ഓപ്പറേഷൻ തിയേറ്റർ, ഫാർമസി സ്റ്റോർ, കേന്ദ്രീകൃത ഓക്സിജൻ വിതരണ ശൃംഖല എന്നിവയും സജ്ജമാണ്. ആശുപത്രി അങ്കണത്തിൽ നടന്ന പരിപാടിയിൽ ഐ.ബി. സതീഷ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

## മനസ്സോടിത്തിരി മണ്ണ് ; 15 സെന്റ് നൽകി പ്രവാസി

ഭവനരഹിതർക്ക് വീടൊരുക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിക്കുവേണ്ടി 15 സെന്റ് ഭൂമി വിട്ടുനൽകി പ്രവാസി. തിരുവനന്തപുരം ജില്ലയിലെ പെരുങ്ങുഴി ചിലമ്പിൽ 'സഫാവ'ിൽ കെ എസ് അബ്ദുൾ വാഹിദാണ് ഭൂമി കൈമാറിയത്. ആധാരം മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റുവാങ്ങി. വി.ജോയി എം.എൽ.എ, അബ്ദുൾ റഷീദ്, എസ് വി അനിലാൽ, ജാസിം എന്നിവർ പങ്കെടുത്തു. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തും അഴൂർ പഞ്ചായത്തും തെരഞ്ഞെടുത്ത അതിദരിദ്രരായ 4 പേർക്കാണ് 20 ലക്ഷം രൂപയോളം വിലയുള്ള വസ്തു സൗജന്യമായി നൽകാൻ അബ്ദുൾ വാഹിദ് സന്നദ്ധത കാണിച്ചത്.



## കുട്ടികളിലെ സോഷ്യൽ മീഡിയ അഡിക്ഷൻ : നിയന്ത്രണങ്ങളിൽ പൊതുജന അഭിപ്രായം തേടി വിദ്യാഭ്യാസ വകുപ്പ്

ആധുനിക ലോകത്ത് സാങ്കേതികവിദ്യ ഒഴിവാക്കാനാവില്ല എന്ന യാഥാർഥ്യം നിലനിൽക്കുമ്പോൾ തന്നെ, നമ്മുടെ കുട്ടികൾക്കിടയിൽ വർധിച്ചുവരുന്ന സോഷ്യൽ മീഡിയ അഡിക്ഷൻ സംബന്ധിച്ച് അതീവ ഗൗരവകരമായ ഒരു ചർച്ച ആവശ്യപ്പെടുന്നുണ്ടെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. ലോകത്തെ പല വികസിത രാജ്യങ്ങളും ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളും കുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റ് സാക്ഷരതയിലും മൊബൈൽ ഉപയോഗത്തിലും മുൻപന്തിയിലുള്ള കേരളത്തിൽ ഇത്തരം ചർച്ചകൾക്ക് ഏറെ പ്രസക്തിയുണ്ട്.

കൂട്ടുകാരോടൊപ്പം ഓടിക്കളിച്ചു വളരേണ്ട കുട്ടിക്കാലം ഇന്ന് ചെറിയ മൊബൈൽ സ്ക്രീനുകളിലേക്ക് മാത്രമായി ഒതുങ്ങുന്നത് വലിയ ആശങ്കയാണ് ഉണ്ടാക്കുന്നത്. സ്ക്രീനുകൾക്ക് മുൻപിൽ ചിലവിടുന്ന അമിത സമയം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെയും അവരുടെ സാമൂഹിക ഇടപെടലുകളെയും ദോഷകരമായി ബാധിക്കുന്നുണ്ട്. ഡിജിറ്റൽ ലോകത്തിന് അടിമപ്പെടുന്ന ഒരു തലമുറ നമ്മുടെ നാടിന്റെ ഭാവി നിർമ്മിതിക്ക് തന്നെ വലിയ വെല്ലുവിളിയായി മാറുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

ഇന്റർനെറ്റ് ഉപയോഗം പൂർണ്ണമായും തടയുക എന്നതല്ല സർക്കാർ ലക്ഷ്യമിടുന്നത്, മറിച്ച് അതിന്റെ വിവേകപൂർണ്ണമായ ഉപയോഗം എങ്ങനെ സാധ്യമാക്കാം എന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു വലിയ പൊതുജന ചർച്ചയാണ് സർക്കാർ ആഗ്രഹിക്കുന്നത്. കുട്ടികൾക്കായി കർശനമായ ഒരു സോഷ്യൽ മീഡിയ നിയന്ത്രണ നിയമം വേണോ, അതിനുള്ള സാധ്യത ഉണ്ടോ? അതോ രക്ഷിതാക്കളിലും കുട്ടികളിലും വ്യാപകമായ രീതിയിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയാണോ വേണ്ടത് എന്ന കാര്യത്തിൽ പൊതുസമൂഹത്തിന് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. നമ്മുടെ കുട്ടികളുടെ സുരക്ഷിതമായ ഭാവി ഉറപ്പുവരുത്താൻ എല്ലാവരുടെയും ക്രിയാത്മകമായ നിർദ്ദേശങ്ങളും സഹകരണവും പ്രതീക്ഷിക്കുന്നതായി മന്ത്രി അറിയിച്ചു.

## കേരളം വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന സംസ്ഥാനം : മന്ത്രി ഒ.ആർ. കേളു



രാജ്യത്ത് മറ്റേത് സംസ്ഥാനത്തേക്കാളും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന സംസ്ഥാനമാണ് കേരളമെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ.കേളു പറഞ്ഞു. ആറ്റിങ്ങൽ മോഡൽ പ്രീ-പ്രൈമറി സ്കൂളിൽ പുതുതായി പണികഴിപ്പിച്ച ബഹുനില മന്ദിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് താഴെത്തട്ടിൽ നിന്ന് വരുന്ന കുട്ടിക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സർക്കാർ നടപ്പിലാക്കിയത്.

സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖല മറ്റുള്ളവർക്ക് മാതൃകയാണ്. രാജ്യത്തെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചത് കേരളത്തിലാണ്. കുട്ടികളുടെ നൈപുണ്യ വികസനമാണ് തൊഴിൽ അധിഷ്ഠിത കോഴ്സുകൾ വഴി ലക്ഷ്യം വെക്കുന്നത്. ഇതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒ.എസ്.അംബിക എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# നിടുകുളംപുഴയോരം മുളന്തുരുത്ത് പച്ചത്തുരുത്ത് ഉദ്ഘാടനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യം വെച്ച് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഒരു തൈ നടാം ജനകിയ ക്യാമ്പയിനിലൂടെ വൃക്ഷവൽക്കരണം നടത്തുന്നതിന് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കൂടാളി പഞ്ചായത്തിലെ നിടുംകുളം പുഴയോരത്ത് മുളംതൈകൾ നട്ടുകൊണ്ട് മുളംന്തുരുത്ത് പച്ചത്തുരുത്ത് സ്ഥാപിച്ചു. നെറ്റ് സീറോ കാർബൺ ജനകീയ ക്യാമ്പയിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കൂടാളി പഞ്ചായത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിത




ഫലങ്ങൾക്ക് പരിഹാരം കാണുന്നതിന് പരമാവധി മരങ്ങൾ വച്ചു പിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പച്ചത്തുരുത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ഇ. സജീവൻ നിർവ്വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.സി. നിജില അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ഇരിട്ടി ബ്ലോക്ക് കോർഡിനേറ്റർ ജയപ്രകാശ് പന്തക്ക പദ്ധതി വിശദീകരണം നടത്തി.

# കൽപ്പറ്റ എം.സി.എഫ് പബ്ലിക് സ്കൂളിൽ 'കുട്ടിക്കൊരു തൈ' ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജനകീയവൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി വിദ്യാർത്ഥിക്ക് ഒരു തൈ നൽകുന്ന *കുട്ടിക്കൊരു തൈ* ക്യാമ്പയിൻ വയനാട് എം.സി.എഫ് പബ്ലിക് സ്കൂളിൽ നടന്നു. കൽപ്പറ്റ മുനിസിപ്പാലിറ്റി ചെയർമാൻ പി. വിശ്വനാഥൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ ഇ.സുരേഷ് ബാബു പദ്ധതി വിശദീകരണം നടത്തി. സ്കൂൾ പ്രിൻസിപ്പാൾ നസ്റത്ത് സ്വാഗതം പറഞ്ഞു. സ്കൂൾ ചെയർമാൻ, സെക്രട്ടറി, PTA പ്രസിഡന്റ് തുടങ്ങിയവർ സംസാരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സ്കൂളിൽ 1600 തൈകളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിതരണം ചെയ്തത്.



# നഗരവനം ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും

വയനാട് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ നഗരവനം ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ടൂറിസം കേന്ദ്രത്തിൽ നടന്നു. നഗരസഭ ചെയർപേഴ്സൺ ജേക്കബ് സെബാസ്റ്റ്യൻ ഹരിത ടൂറിസം



കേന്ദ്ര പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ചടങ്ങിൽ സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ ഓഫീസർ ആർ.സന്തോഷ് അധ്യക്ഷത വഹിച്ചു. മാനന്തവാടി റേഞ്ച് ഓഫീസർ രഞ്ജിത്ത് സ്വാഗതം അർപ്പിച്ചു. പെരിയ റെയിഞ്ച് ഓഫീസർ ഹരിലാൽ, മാനന്തവാടി റേഞ്ച് ഓഫീസർ റോസ്മേരി ജോസ്, ഹരിതകേരളം മിഷൻ ഇന്റേൺ ഗ്രീഷ്മ എന്നിവർ ആശംസ അറിയിച്ച് സംസാരിച്ചു. ജില്ലയിലെ തന്നെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായി മാറിയ നഗരവനം അപൂർവ്വ ഇനം ഔഷധ സസ്യങ്ങളാലും, പക്ഷികളാലും, പ്രകൃതി ഭംഗിയാലും വിനോദ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനോടനുബന്ധിച്ച് ജില്ലയിലെ ഹരിത വിദ്യാലയങ്ങൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത ടൗണുകൾ, ഹരിത ടൂറിസം കേന്ദ്രം, ഹരിത കെ.എസ്.ആർ.ടി.സി., ഗ്രന്ഥാലയങ്ങൾ എന്നിവ ഹരിത കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരുന്നു.ഹരിത ടൂറിസം ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലെ 21 ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരുന്നു. മാനന്തവാടി നഗരസഭയിലെ നഗരവനം 22-ാമത്തെ ഹരിത ടൂറിസം കേന്ദ്രമാണ്.

# വടകര നഗരസഭ വാർഡ് 12 ചെറുശ്ശേരിയിൽ പച്ചത്തുരുത്ത് - ഹരിത സ്മൃതി പദ്ധതി

കോഴിക്കോട് വടകര നഗരസഭയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി വാർഡ് 12 ചെറുശ്ശേരിയിൽ പച്ചത്തുരുത്ത് പദ്ധതിയും ഹരിതസ്മൃതി പദ്ധതിയും ആരംഭിച്ചു. ഡയറ്റിൽ നടന്ന ചടങ്ങ് നഗരസഭാ വൈസ് ചെയർപേഴ്സൺ കെ.എം. ഷൈനി വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ സുനിതാ

രാജീവൻ അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ ഷംന.പി സ്വാഗതം പറഞ്ഞു.

ഡയറ്റ് അധ്യാപകനായ ജാനിഷ്, വാർഡ് വികസന സമിതി അംഗങ്ങളായ കെ. വത്സലൻ, കെ. നളിനാക്ഷൻ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. കൗൺസിലറുടെ നേതൃത്വത്തിൽ വാർഡിൽ 1000 വൃക്ഷതൈകൾ നട്ടു വളർത്തുന്ന ഹരിത സ്മൃതി പദ്ധതിയുടെ ഭാഗമായുള്ള വൃക്ഷത്തൈകളും ചടങ്ങിൽ വിതരണം ചെയ്തു. കുടുംബശ്രീ, NSS വോളണ്ടിയർമാർ, വാർഡ് വികസന സമിതി എന്നിവരാണ് തൈകൾ നട്ടു പിടിപ്പിക്കുന്നത്. ഡയറ്റിലെ 10 സെന്റ് സ്ഥലത്ത് ആരംഭിച്ച പച്ചത്തുരുത്തിൽ വേപ്പ്, പുളി, കൊന്ന, കറിവേപ്പ്, തുടങ്ങി 50 വൃക്ഷതൈകൾ നട്ടു. കുടുംബശ്രീ പ്രതിനിധികൾ,വിദ്യാർത്ഥികൾ,വാർഡ് വികസന സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. നഗരസഭ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ അജിന പി ചടങ്ങിന് നന്ദി അർപ്പിച്ച് സംസാരിച്ചു.



## പാനൂർ ബ്ലോക്കിൽ വാട്ടർ വളണ്ടിയർ ശിൽപശാല

കണ്ണൂർ ജില്ലയിൽ പാനൂർ ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വാട്ടർ വളണ്ടിയർ ശിൽപശാല സംഘടിപ്പിച്ചു. പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രസീത എൻ ശിൽപ്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് സുധീഷ് കുമാർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് നടന്ന സെഷനുകളിൽ ഹരിത കേരളം ജില്ലാ കോർഡിനേറ്റർ സോമശേഖരൻ, MORE (മോർ) പ്രതിനിധി കിഷോർ എന്നിവർ പദ്ധതിയുടെ വിശദാംശങ്ങളും ലക്ഷ്യങ്ങളും വളണ്ടിയർമാർക്ക് വിശദീകരിച്ചു നൽകി. ശിൽപ്പശാലയുടെ ഭാഗമായി ഓരോ പഞ്ചായത്തിൽ നിന്നുമുള്ള പ്രതിനിധികൾ പ്രത്യേക ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ



നടത്തി. അതത് പ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ നിലവിലെ വിവരങ്ങൾ ശേഖരിക്കുകയും, അവ നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും ചെയ്തു.

## കാർബൺ നെഗറ്റീവായി അപ്പപ്പാറ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ

ഹരിതകേരളം മിഷന്റെ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിലൂടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അപ്പപ്പാറ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ കാർബൺ നെഗറ്റീവ് സ്ഥാപനമായി. തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഞ്ജു ബാലകൃഷ്ണൻ പ്രഖ്യാപനം നടത്തി, സർട്ടിഫിക്കറ്റ് കൈമാറി. മോഡൽ ഫോറസ്റ്റ് സ്റ്റേഷനിൽ നടന്ന പരിപാടിയിൽ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ ജയേഷ് ജോസഫ് സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ രാജേഷ് എം.ആർ. അധ്യക്ഷത വഹിച്ചു. ഹരിതഗൃഹ വാതകങ്ങൾ ആയ



കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവയുടെ പുറന്തള്ളൽ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന ക്യാമ്പയിനാണ് നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ. അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ അളവ് തുലിതാവസ്ഥയിലേക്ക് കൊണ്ടുവന്ന് 2050 ഓട് കൂടി സംസ്ഥാനത്ത് നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിലേക്കുള്ള പ്രവർത്തന രീതികളാണ് ക്യാമ്പയിൻ വിഭാവനം ചെയ്തിരിക്കുന്നത്.ഫോറസ്റ്റ് സ്റ്റേഷന്റെ കാർബൺ നെഗറ്റീവ് റിപ്പോർട്ട് ഹരിത കേരളം മിഷൻ ഇന്റേൺ സാന്ദ്ര തോമസ് അവതരിപ്പിച്ചു.

## കോടിയേരി എഫ്.ഡബ്ല്യു.സി.യിൽ 'പച്ചത്തുരുത്ത്'

കണ്ണൂർ തലശ്ശേരി നഗരസഭയുടെ നേതൃത്വത്തിൽ കോടിയേരി ഫാമിലി വെൽഫെയർ സെന്ററിൽ പച്ചത്തുരുത്ത് പദ്ധതിയുടെ ഉദ്ഘാടനം നടന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം മെഡിക്കൽ ഓഫീസർ ഡോ. ധന്യ നിർവ്വഹിച്ചു. ചടങ്ങിൽ നഗരസഭ സി.സി.എം അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ബ്ലോക്ക് കോഡിനേറ്റർ പദ്ധതിയെക്കുറിച്ചുള്ള വിശദീകരണം നടത്തി. നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാർ, എഫ്. ഡബ്ല്യു.സി ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# പരിസ്ഥിതി സമ്മിറ്റ് ജില്ലാതല സെമിനാറുകൾ

ഹരിതകേരളം
ദേശീയ പരിസ്ഥിതി
സമ്മേളനം 2026
2026 ഫെബ്രുവരി 23-25 തിരുവനന്തപുരം

## കോഴിക്കോട്

ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിസ്ഥിതി പുനഃസ്ഥാപനം ജില്ലാ സെമിനാർ മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ നവാസ് അധ്യക്ഷത വഹിച്ച ചടങ്ങിന്




ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഷാജി എം സ്റ്റീഫൻ സ്വാഗതം പറഞ്ഞു. ഹരിത കേരളം മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി സുധാകരൻ പരിസ്ഥിതി പുനഃസ്ഥാപനം ഭാവി പരിപ്രേഷ്യം സംബന്ധിച്ച വിഷയ അവതരണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.ടി. പ്രസാദ് പരിസ്ഥിതി പുനഃസ്ഥാപനം പ്രവർത്തനങ്ങളുടെ പത്തു വർഷങ്ങൾ സംബന്ധിച്ച് അവതരണം നടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനതല അധ്യക്ഷന്മാർ, ഉപാധ്യക്ഷന്മാർ, മറ്റു ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ ഹരിതകേരളം മിഷൻ പ്രതിനിധികൾ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. സെമിനാറിനോടനുബന്ധിച്ചു ജില്ലാതലത്തിൽ നടത്തിയ ഹരിത കർമ്മ സേനയ്ക്കുള്ള ക്വിസ് മത്സരം, വിദ്യാർത്ഥികൾക്കുള്ള പ്രബന്ധരചന മത്സരം എന്നിവയിലെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു. തദ്ദേശ സ്ഥാപന അധ്യക്ഷർ ചർച്ച നടത്തുകയും സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി സുധാകരൻ മറുപടി നൽകുകയും ചെയ്തു.

## എറണാകുളം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനഃസ്ഥാപന മേഖലയിലെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും പുതിയ കർമ്മ പദ്ധതികൾക്കും, ആശയങ്ങൾക്കും രൂപം നൽകുന്നതിനുമായി ജില്ലാതല പരിസ്ഥിതി സെമിനാർ ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിൻഡ ജേക്കബ് അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്. മുഖ്യാതിഥിയായി പങ്കെടുത്തു. ജില്ലയിലെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷന്മാർ ഉപാധ്യക്ഷന്മാർ, സ്ഥിരം സമിതി അധ്യക്ഷന്മാർ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഹരിതകേരളം മിഷൻ ഹയർ സെക്കൻഡറി സ്കൂളുകളിലും കലാലയങ്ങളിലും വിതരണം ചെയ്യുന്ന മെൻസ്ട്രൽ കപ്പ് വിതരണ ജില്ലാതല ഉദ്ഘാടനം ജില്ലാ കളക്ടർ നിർവഹിച്ചു. ജില്ലാതല പരിസ്ഥിതി സെമിനാറിനോടനുബന്ധിച്ച് യുപി - ഹൈസ്കൂൾ, ഹയർസെക്കൻഡറി



സ്കൂൾ, കോളേജ് തലം വിദ്യാർത്ഥികൾക്കായും, ഹരിതകർമ്മ സേന അംഗങ്ങൾക്കായും സംഘടിപ്പിച്ച ക്വിസ്, ഉപന്യാസ മത്സര വിജയികൾക്ക് സമ്മാനദാനവും നടന്നു. ജില്ലയുടെ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ പത്തുവർഷങ്ങൾ എന്ന വിഷയത്തിൽ ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ രഞ്ജിനി എസ് അവതരണം നടത്തി. ഹരിതകേരളം മിഷൻ സംസ്ഥാന പ്രോഗ്രാം ഓഫീസർ സുരേഷ് യു, പരിസ്ഥിതി പുനസ്ഥാപനം ഭാവി പരിപ്രേഷ്യം അവതരിപ്പിച്ചു.

## ഇടുക്കി

ഹരിത കേരളം മിഷൻ സംഘടിപ്പിക്കുന്ന പരിസ്ഥിതി സംഗമത്തിന്റെ ഭാഗമായി ഇടുക്കി ജില്ലാതല പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു. പരിസ്ഥിതി സംരക്ഷണ രംഗത്ത് ഹരിതകേരളം മിഷൻ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ




കൈവരിച്ച നേട്ടങ്ങൾ, വിവിധ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ, മാതൃകാ പദ്ധതികൾ എന്നിവ സെമിനാറിൽ ജില്ലാ കോർഡിനേറ്റർ ഡോ.അജയ് പി.കൃഷ്ണ അവതരിപ്പിച്ചു.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.

സെമിനാർ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ഷീല സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു. പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരമായ വിനിയോഗവും മാലിന്യമുക്തമായ പരിസ്ഥിതിയും സൃഷ്ടിക്കുന്നതിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നിർണായക പങ്കുണ്ടെന്ന് അവർ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

ചടങ്ങിൽ ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിച്ചു. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനായി പ്രാദേശിക തലത്തിലുള്ള ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഓർമ്മിപ്പിച്ചു. സംസ്ഥാന മിഷൻ പ്രതിനിധി സുരേഷ് യു ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളും, കൈവരിച്ച നേട്ടങ്ങളും സംബന്ധിച്ച് സംസാരിച്ചു.

ജില്ലയിലെ 24 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി അധ്യക്ഷന്മാർ, ഉപാധ്യക്ഷന്മാർ എന്നിവരടക്കം 140-ലധികം പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, വിവിധ വകുപ്പ് മേധാവികൾ, ഹരിത കേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാർ, നേച്ചർ ക്ലബ് അംഗങ്ങളായ വിദ്യാർത്ഥികൾ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു.

പരിസ്ഥിതി സമ്മേളനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഉപന്യാസ രചന മത്സരത്തിലെ വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## തൃശ്ശൂർ

ഹരിത കേരളം മിഷൻ സംഘടിപ്പിക്കുന്ന പരിസ്ഥിതി സമ്മേളനത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു.

ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ ദിദിക സി കഴിഞ്ഞ 10 വർഷത്തെ പരിസ്ഥിതിക മാറ്റങ്ങൾ, പരിസ്ഥിതിക ഇടപെടലുകൾ, ഹരിതകേരളം മിഷന്റെ സംഭാവനകൾ എന്നി



വയെക്കുറിച്ച് വിശദമായ അവതരണം നടത്തി. നവകേരളം കർമ്മ പദ്ധതി 2 സംസ്ഥാന മിഷനിലെ ജലസംരക്ഷണ വിഭാഗം പ്രോഗ്രാം ഓഫീസർ ആർ.വി. സതീഷ് പരിസ്ഥിതി പുനസ്ഥാപനം ഭാവി പരിപ്രേക്ഷ്യം അവതരണം നടത്തി.

ചോദ്യോത്തര വേളയിൽ വിവിധ പഞ്ചായത്ത് പ്രസിഡന്റുമാരുടെ സംശയങ്ങൾക്ക് മറുപടി നൽകി. ഹരിത കേരളം മിഷൻ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലാതല പ്രബന്ധ രചന മത്സരവും ക്വിസ് മത്സരവും സംഘടിപ്പിച്ചു. മത്സരങ്ങളിൽ വിജയികളായ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും, ഹരിത കർമ്മ സേന അംഗങ്ങൾക്കും പുരസ്കാരങ്ങളും അനുമോദന പത്രങ്ങളും നൽകി ആദരിച്ചു, ജില്ലാ കളക്ടർ മത്സരത്തിൽ പങ്കെടുത്ത എല്ലാവരെയും അനുമോദിച്ചു.

## കോട്ടയം

പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തു വർഷങ്ങൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഫെബ്രുവരി 23,24,25 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനത്തിന് മുന്നോടിയായി നടത്തിയ സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് ഹാളിൽ നടന്ന



പരിപാടിയിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ചേതൻ കുമാർ മീണ ആമുഖ പ്രഭാഷണം നടത്തി. ഹരിതകേരളം മിഷൻ സംസ്ഥാന പ്രോഗ്രാം ഓഫീസർമാരായ വി. രാജേന്ദ്രൻ നായർ, ആർ.വി. സതീഷ്, ജില്ലാ കോർഡിനേറ്റർ എൻ.എസ്.ഷൈൻ എന്നിവർ പ്രസംഗിച്ചു. ജനുവരി 20ന് കോട്ടയം ഗവൺമെന്റ് കോളേജിൽ സംഘടിപ്പിച്ച ക്വിസ്, ഉപന്യാസ മത്സരങ്ങളിൽ വിജയിച്ച വിദ്യാർത്ഥികൾക്കും ഹരിതകർമസേന അംഗങ്ങൾക്കുമുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

## കാസർഗോഡ്

കാസർഗോഡ് ജില്ലാ പരിസ്ഥിതി സെമിനാർ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാബു അബ്രഹാം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിൽ കാലത്തിനനുസരിച്ച് പുതിയ സാധ്യതകളെ കണ്ടെത്താൻ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ. സോയ അധ്യക്ഷയായി. എ.ഡി.എം. പി.അഖിൽ മുഖ്യാതിഥിയായി.



ജില്ലയുടെ പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തു വർഷങ്ങളെ സംബന്ധിച്ച് ജില്ലാ കോർഡിനേറ്റർ കെ ബാലകൃഷ്ണൻ അവതരണം നടത്തി. പരിസ്ഥിതി പുനസ്ഥാപനം ഭാവി പരിപ്രേക്ഷ്യം എന്ന വിഷയം സംസ്ഥാന പ്രോഗ്രാം ഓഫീസർ ജി.കൃഷ്ണകുമാർ അവതരിപ്പിച്ചു. ഒരു തൈ നടാം ജനകീയ കാമ്പയിനെ കുറിച്ച് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഉദയസൂര്യ സംസാരിച്ചു.

പരിസ്ഥിതി സെമിനാറിന്റെ മുന്നോടിയായി സംഘടിപ്പിച്ച ഹരിതകർമ്മസേനാംഗങ്ങൾക്കും, ഹൈസ്കൂൾ, യു പി വിഭാഗം കുട്ടികൾക്കുമുള്ള ക്വിസ് മത്സര വിജയികൾക്കും കോളേജ്, ഹയർസെക്കണ്ടറി, ഹൈസ്കൂൾ വിഭാഗം ഉപന്യാസ മത്സര വിജയികൾക്കുമുള്ള സർട്ടിഫിക്കറ്റും മൊമന്റോയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിതരണം ചെയ്തു.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി കാർബൺ നെഗറ്റീവ് പദവി കൈവരിച്ച 15 സ്ഥാപനങ്ങൾക്കുള്ള സാക്ഷ്യപത്രവും സെമിനാറിൽ വിതരണം ചെയ്തു. ഹരിതകേരളം മിഷൻ പരപ്പ ബ്ലോക്ക് കോർഡിനേറ്റർ കെ.കെ. രാഘവൻ നന്ദി പറഞ്ഞു.

## കൊല്ലം

ഹരിതകേരളം മിഷന്റെ പരിസ്ഥിതി പുനസ്ഥാപനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന ജനപ്രതിനിധികൾക്ക് മുൻപിൽ അവതരിപ്പിച്ചുകൊണ്ട് പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു. നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചർച്ചയിലൂടെ ജനപ്രതിനിധികൾ അറിയിച്ചു. ഹരിതകേരളം മിഷന്റെ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നതിനും ഭാവി പരിപ്രേഷ്യവും സെമിനാറിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് ഹരിതകേരളം മിഷൻ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ദേശീയ പരിസ്ഥതി സമ്മിറ്റ് ഫെബ്രുവരി മാസം



23,24,25 തീയതികളിൽ തിരുവനന്തപുരത്ത് നടത്തുന്നതിന്റെ മുന്നോടിയായിട്ടാണ് കൊല്ലം ജില്ലയിൽ പരിസ്ഥിതി സെമിനാർ നടത്തിയത്. ജില്ലാപഞ്ചായത്ത് പ്രസിഡൻറ് ആർ.ലതാദേവി സെമിനാർ ഉദ്ഘാടനം ചെയ്തു. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു എസ്. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. ഐസക്, സംസ്ഥാന പ്രോഗ്രാം ഓഫീസർ പി.അജയകുമാർ, ബ്ലോക്ക് കോർഡിനേറ്റർമാരായ സ്മിത.വി.നായർ, വിശ്വലേഖ തുടങ്ങിയവർ സംസാരിച്ചു. ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിലെ അധ്യക്ഷന്മാർ, ഉപാധ്യക്ഷന്മാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ സെമിനാറിൽ പങ്കടുത്തു. ജില്ലയിൽ സംഘടിപ്പിച്ച പരിസ്ഥിതി പുനസ്ഥാപന ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിലും യു.പി വിഭാഗത്തിലും ഒന്നും,രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിച്ച വിദ്യാർത്ഥികൾക്കുള്ള പുരസ്കാരവും സെമിനാറിൽ നൽകുകയുണ്ടായി.

## വയനാട്

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ദേശീയ പരിസ്ഥിതി സമ്മേളനത്തോട് അനുബന്ധിച്ച് വയനാട് ജില്ലാ സെമിനാർ നടത്തി. ഹരിത കേരളം മിഷൻ സംസ്ഥാന പ്രോഗ്രാം ഓഫീസർ ജി.കൃഷ്ണകുമാർ വിഷയവതരണം നടത്തി. കഴിഞ്ഞ 10 വർഷക്കാലം ജില്ലയിൽ മിഷൻ നടത്തിയിട്ടുള്ള ഇടപെടലുകൾ



ജില്ലാ കോർഡിനേറ്റർ ഇ സുരേഷ് ബാബു അവതരിപ്പിച്ചു. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പ്രസിഡന്റ്, ചെയർമാൻ, വൈസ് പ്രസിഡന്റ്, വൈസ് ചെയർമാൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

പരിസ്ഥിതി സമ്മേളനത്തോട് അനുബന്ധിച്ച് ജില്ലയിൽ യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികൾ, ഹരിതകർമ സേന അംഗങ്ങൾ എന്നിവർക്കായി നടത്തിയ ക്വിസ് മത്സരത്തിൽ വിജയിച്ചവർക്കുള്ള സമ്മാനദാനവും ചടങ്ങിൽ നടന്നു.

## പത്തനംതിട്ട

പരിസ്ഥിതി സംരക്ഷണം ഏവരുടെയും കടമയും ഉത്തരവാദിത്വവുമാണെന്ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ദീനാമ്മ റോയി. ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിസ്ഥിതി സെമിനാറിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. കാവ്,



കുളം, നദി, ചുറ്റുപാട് എന്നിവ സംരക്ഷിക്കണം. പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ യുവതലമുറ കൂടുതൽ ശ്രദ്ധിക്കണം. പരിസ്ഥിതി സംരക്ഷണത്തിനൊപ്പം വ്യക്തി ശുചിത്വത്തിനും പ്രാധാന്യം നൽകണമെന്നും ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനീഷ് വരിക്കണ്ണാമല അധ്യക്ഷനായി.

ഭാവി പരിസ്ഥിതി പ്രവർത്തനം, ജില്ലയുടെ പരിസ്ഥിതി പുനഃസ്ഥാപനം തുടങ്ങിയ വിഷയങ്ങളിൽ ഹരിത കേരളം മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ (കൃഷി ഉപമിഷൻ) ഹരിപ്രിയാദേവി, ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി.അനിൽകുമാർ, ഏഴംകുളം എഫ്.എച്ച്.എസി ഗൈനകോള ജിസ്റ്റ് ഡോ.ദിവ്യ എന്നിവർ സെമിനാർ നയിച്ചു.

ഉപന്യാസ മത്സരത്തിൽ കോളജ് വിഭാഗത്തിൽ കോന്നി മന്നം മെമ്മോറിയൽ എൻഎസ്എസിലെ അനുജ രാമനുജൻ ഒന്നാം സ്ഥാനം നേടി. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ അനിതാകുമാരി, ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാരായ രാഹുൽ ജി.കൃഷ്ണൻ, ലക്ഷ്മി കോമൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## പാലക്കാട്

ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ മുന്നോടിയായി പാലക്കാട് ജില്ലയിൽ പരിസ്ഥിതി പുനസ്ഥാപന രംഗത്ത് ഹരിത കേരളം മിഷന്റെ ഏകോപനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും കഴിഞ്ഞ പത്ത് വർഷങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ അവതരിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്ക് രൂപം നൽക്കുന്നതിനും *ജില്ലാതല പരിസ്ഥിതി



സെമിനാർ* 2026 ഫെബ്രുവരി 5 നു പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ. സരിത ജില്ലാ പരിസ്ഥിതി സെമിനാറും ബജറ്റ് പദ്ധതികളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എസ്.ബി. രാജു അധ്യക്ഷത വഹിച്ചു. നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി സ്വാഗതം പറയുകയും, ജില്ലയുടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ പത്ത് വർഷങ്ങൾ എന്ന വിഷയത്തിൽ അവതരണം നടത്തുകയും ചെയ്തു. പരിസ്ഥിതി പുനഃസ്ഥാപനം ഭാവി പരിപ്രേക്ഷ്യം എന്ന വിഷയത്തിൻ സംസ്ഥാന മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ് അവതരണം നടത്തി. സെമിനാറിനോടനുബന്ധിച്ച് ജില്ലാതല ക്വിസ്, ഉപന്യാസ മത്സര വിജയികളായ വിദ്യാർത്ഥികൾക്കും, ഹരിതകർമ്മസേനാംഗങ്ങൾക്കും സർട്ടിഫിക്കറ്റ്, മൊമൊന്റോ എന്നിവ നൽകുകയും ചെയ്തു. സെമിനാറിൽ ജില്ലാ പഞ്ചായത്ത് ചെയർമാന്മാർ, തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, വിവിധ വകുപ്പുകളുടെ ജില്ലാതല മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു. നവകേരളം കർമ്മപദ്ധതി ടെക്നിക്കൽ അസിസ്റ്റന്റ് റിൻഷ.എ സെമിനാറിൽ നന്ദി പറഞ്ഞു.

## കണ്ണൂർ

ഹരിതകേരളം മിഷൻ സംഘടിപ്പിച്ച കണ്ണൂർ ജില്ലാ പരിസ്ഥിതി സംഗമം ഡി.പി.സി ഹാളിൽ നടന്നു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ സംഗമം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിന്റെ മികച്ച മാതൃകകൾക്കുള്ള അംഗീകാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. ലക്ഷക്കണക്കിന് ഭക്തർ പങ്കെടുത്ത ചെറുതാഴം അതിയടം മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിലെ പെരുങ്കളിയാട്ടം ഹരിത പെരുമാറ്റച്ചട്ടം പൂർണ്ണാർത്ഥത്തിൽ പാലിച്ച് നടപ്പിലാക്കിയതിന് ക്ഷേത്രോത്സവ സംഘാടക സമിതിക്കുള്ള പുരസ്കാരം ജില്ലാ




പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് കുര്യൻ സമ്മാനിച്ചു. വർഷങ്ങൾക്ക് ശേഷം പഴശ്ശി പദ്ധതിയുടെ കനാലുകളിലൂടെ നീരൊഴുക്ക് സാധ്യമാക്കി, കണ്ണൂരിന്റെ മണ്ണിനെ ആർദ്രമാക്കാനും കുടിവെള്ള ക്ഷാമം പരിഹരിക്കാനും അശ്രാന്ത പരിശ്രമം നടത്തിയ ജലസേചന വകുപ്പ് പഴശ്ശി വിഭാഗം ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിച്ചു. ഇവർക്കുള്ള പുരസ്കാരവും, ദേശീയ പരിസ്ഥിതി ഉച്ചകോടിയുടെ ഭാഗമായി നടന്ന ക്വിസ്, പ്രബന്ധരചനാ മത്സരങ്ങളിലെ വിജയികളായ വിദ്യാർത്ഥികൾക്കും, ഹരിത കർമ്മ സേനാംഗങ്ങൾക്കായി നടത്തിയ ക്വിസ് മത്സര വിജയികൾക്കുമുള്ള സമ്മാനങ്ങളും ജില്ലാ കളക്ടർ അരുൺ കെ. വിജയൻ വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അരുൺ ടി. ജെ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷന്റെ കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനങ്ങൾ ജില്ലാ കോർഡിനേറ്റർ ഇ.കെ സോമശേഖരൻ അവതരിപ്പിച്ചു. മിഷന്റെ ഭാവി പരിപ്രേക്ഷ്യത്തെക്കുറിച്ചുള്ള സമീപന രേഖ ഹരിത കേരളം മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി സുധാകരൻ വിശദീകരിച്ചു. ഹരിത കേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ ജയപ്രകാശ് പന്തക്ക സ്വാഗതം പറഞ്ഞു. ഹരിത കേരളം മിഷൻ ടെക്നിക്കൽ അസിസ്റ്റന്റ് സഫൽ വി. ചടങ്ങിന് നന്ദി രേഖപ്പെടുത്തി. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുത്തു.

## തിരുവനന്തപുരം

സംസ്ഥാന സർക്കാർ കഴിഞ്ഞ 10 വർഷങ്ങളിൽ സാമൂഹ്യ സുരക്ഷയ്ക്കും പശ്ചാത്തല സൗകര്യ വികസനത്തിനും എന്നതുപോലെ ജില്ലയിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ വികസന പ്രവർത്തനങ്ങളുടെ സെമിനാർ നടത്തി. ഹരിത കേരളം മിഷന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരിസ്ഥിതി പുനസ്ഥാപനത്തിന്റെ ഭാഗമായി നടത്തിയ വിവിധ പ്രവർത്തനങ്ങൾ സെമിനാറിൽ വിശകലനം ചെയ്തു. സെമിനാറിനോടൊപ്പം ജില്ലയിലെ ആദ്യ



ഘട്ടത്തിൽ തിരഞ്ഞെടുത്ത 21 സ്ഥാപനങ്ങൾക്കും, കുടുംബശ്രീ അംഗങ്ങൾക്കും ഹരിത കർമ്മസേന അംഗങ്ങൾക്കുമുള്ള മെൻസ്ട്രുവൽ കപ്പ് വിതരണവും ജില്ലാതല പരിസ്ഥിതി പ്രശ്നോത്തരിയിലെ വിജയികൾക്കുള്ള സമ്മാനവിതരണവും നടന്നു. സെമിനാറിൽ ജില്ലാ പഞ്ചായത്തിന്റെ വരുംകാല പദ്ധതികളിൽ മണ്ണ്, ജലം, വായു സംരക്ഷണങ്ങൾക്ക് ആവശ്യമായ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുമെന്നും അറിയിച്ചു. പ്രസിഡന്റ് വി. പ്രിയദർശിനി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ബി.പി. മുരളി അദ്ധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ സി. അശോക് സ്വാഗതവും നവകേരളം കർമ്മ പദ്ധതി-2 പ്രോഗ്രാം ഓഫീസർ സുരേഷ് ഉണ്ണിരാജൻ ഭാവി പരിസ്ഥിതി പ്രവർത്തനങ്ങളുടെ അവതരണവും സെക്രട്ടറി വൈ. വിജയകുമാർ കൃതജ്ഞതയും അറിയിച്ചു.

## മലപ്പുറം

നവകേരളം കർമ്മപദ്ധതി ഹരിത കേരളം മിഷൻ ജില്ലാതല പരിസ്ഥിതി സെമിനാർ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എ. ജബ്ബാർ ഹാജി അവർകൾ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്



അഡ്വക്കേറ്റ് എ.പി. സ്മിജി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ വി.ആർ. വിനോദ് IAS മുഖ്യാതിഥി ആയി. ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. ജില്ലയുടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ 10 വർഷങ്ങൾ എന്ന വിഷയം ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. പി സീമ അവതരിപ്പിച്ചു. സംസ്ഥാന പരിസ്ഥിതി പുനഃസ്ഥാപനം ഭാവി പരിപ്രേക്ഷ്യം എന്ന വിഷയം ഹരിതകേരളം അസി. കോർഡിനേറ്റർ സഞ്ജീവ് എസ്.യു. അവതരിപ്പിച്ചു.

## ആലപ്പുഴ

ആലപ്പുഴ ജില്ലാപരിസ്ഥിതി സെമിനാർ ഫെബ്രുവരി 5 വ്യാഴാഴ്ച്ച രാവിലെ 10 ന് സംഘടിപ്പിച്ചു . ജില്ലാ പ്ലാനിങ് ഓഫീസ് ഹാളിൽ നടന്ന പരിപാടി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ മഹേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജൈവ അജൈവ മാലിന്യ സംസ്കരണത്തെ പറ്റിയും ഹരിത കേരളം മിഷൻ മുന്നോട്ട് വയ്ക്കുന്ന പ്രവർത്തനങ്ങളെ പറ്റിയും ജില്ലാ കളക്ടർ അലക്സ് വർഗീസ് ഐ.എ.എസ് മുഖ്യ പ്രഭാഷണത്തിൽ പരാമർശിച്ചു. സാനിറ്ററി മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ അഭിമുഖ്യത്തിൽ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 23 സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി. ജില്ലയിലെ 10 സ്കൂളുകളിലും 8 കോളേജുകളിലും മെൻസ്ട്രുവൽ കപ്പ് കൾ വിതരണം ചെയ്യുന്നതിന്റെ ജില്ലാതല വിതരണോൽഘാടനവും ജില്ലാതല പരിസ്ഥിതി പ്രശ്നോത്തരിയിൽ വിജയികളായുള്ള വിദ്യാർത്ഥികൾക്കുള്ള സമ്മാനവി



തരണവും ഇതോടൊപ്പം നടത്തി. മെൻസ്ട്രുവൽ കപ്പുകൾ ആലപ്പുഴ സെന്റ് .ജോസഫ് കോളേജിലെ എൻ.സി.സി ഓഫീസർ ജി ഹെലൻസിയും വിദ്യാർത്ഥിനികളും ചേർന്ന് ഏറ്റുവാങ്ങി. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.ഷീന സനൽ കുമാർ അധ്യക്ഷത വഹിച്ചു. നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ കെ.എസ് രാജേഷ് "പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ 10 വർഷങ്ങൾ" എന്ന വിഷയത്തിൽ സെമിനാർ അവതരിപ്പിച്ചു. ഹരിത കേരളം മിഷൻ കഴിഞ്ഞ 10 വർഷക്കാലമായി നടത്തിവന്ന പദ്ധതികളും അത് സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റത്തെപ്പറ്റിയും ജനങ്ങളിൽ ഉണ്ടാക്കിയ അവബോധത്തെ പറ്റിയും സെമിനാറിൽ വിശദമായി പരാമർശിക്കുകയുണ്ടായി . സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ കഴിഞ്ഞ 10 വർഷത്തെ നേട്ടങ്ങളുടെയും ദേശീയ പരിസ്ഥിതി സമ്മേളന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലുള്ള തുടർ പ്രവർത്തനങ്ങളെ കുറിച്ച് സംസാരിച്ചു . തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷന്മാരുടെ പ്രതികരണം ,ചർച്ച , എന്നിവക്കു ശേഷം സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ, ജില്ലാ കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ പരിപാടിയുടെ ക്രോഡീകരണം നടത്തി. ടെക്നിക്കൽ അസിസ്റ്റന്റ് റിസ്‌വാന റഷീദ് ചടങ്ങിൽ നന്ദി രേഖപ്പെടുത്തി.

## ഗ്രീൻ ഡയലോഗ് പരിപാടി സംഘടിപ്പിച്ചു

ഹരിതകേരളം മിഷനും എൻ.എസ്.എസ്. യൂണിറ്റ് 36-ഉം ഭൂമിത്രസേനാ ക്ലബ്ബും കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അയലൂർ പാലക്കാട് എന്നിവയുടെ നേതൃത്വത്തിൽ ജനുവരി 20, 2026-ന് 'ഗ്രീൻ ഡയലോഗ്' എന്ന പരിപാടി കോളേജിൽ സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി



ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ ആസ്പദമാക്കി വിഷയാവതരണങ്ങൾ നടത്തി. വിദ്യാർത്ഥികൾ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി പ്രസന്റേഷനുകൾ അവതരിപ്പിച്ചു. ഹരിത കേരള മിഷൻ റിസോഴ്സ് പേഴ്സൺ പ്രേംദാസ് എസ്.വി. പരിപാടിയിൽ സന്നിഹിതനായിരുന്നു. പരിപാടിയുടെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പാൾ ഡാലി ജോൺ നിർവഹിച്ചു. ഭൂമിത്രസേന ക്ലബ്ബ് കോർഡിനേറ്റർ സ്ലീന എസ് സ്വാഗതം പറഞ്ഞു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ രാജീവ് എ. നന്ദി അറിയിച്ചു.

## ഹരിതചട്ടം പാലിച്ച് പെരുങ്കളിയാട്ടം: അതിയടം ശ്രീ മുച്ചിലോട്ട് ക്ഷേത്രസമിതിയെ ആദരിച്ചു

ലക്ഷക്കണക്കിന് ഭക്തർ പങ്കെടുത്ത പെരുങ്കളിയാട്ടം പൂർണ്ണമായും ഹരിതചട്ടം പാലിച്ച് മാതൃകാപരമായി നടത്തിയതിന് കണ്ണൂർ ചെറുതാഴം അതിയടം ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രോത്സവ സംഘാടക സമിതിക്ക് ആദരം. കണ്ണൂർ ഡി.പി.സി ഹാളിൽ നടന്ന ജില്ലാ പരിസ്ഥിതി സംഗമത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ക്ഷേത്രസമിതി ഭാരവാഹികൾക്ക് പുരസ്കാരം സമ്മാനിച്ചു. ദേശീയ പരിസ്ഥിതി ഉച്ചകോടിയുടെ ഭാഗമായി ഹരിതകേരളം മിഷനാണ് പരിപാടി സംഘടിപ്പിച്ചത്.

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ അതിയടം മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിൽ 13 വർഷത്തിലൊരിക്കൽ നടക്കുന്ന പെരുങ്കളിയാട്ടമാണ് ക്ഷേത്ര സമിതിയും പഞ്ചായത്തും ജനങ്ങളും കൈകോർത്ത് പ്ലാസ്റ്റിക് വിമുക്തമാക്കിയത്. നാല് ദിവസങ്ങളിലായി നടന്ന ഉത്സവത്തിൽ ഓരോ ദിവസവും ഒരു ലക്ഷത്തിലധികം പേർ പങ്കെടുത്തിരുന്നു. ഇത്രയധികം ജനത്തിരക്കുണ്ടായിട്ടും അന്നദാനമടക്കമുള്ള കാര്യങ്ങൾക്ക് വാഴയിലയും സ്റ്റീൽ ഗ്ലാസ്സും മാത്രമാണ് ഉപയോഗിച്ചത്.




മാലിന്യ സംസ്കരണത്തിനായി വിപുലമായ സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ 34 ഹരിതകർമ്മ സേനാംഗങ്ങൾ സേവനസന്നദ്ധരായി ഉണ്ടായിരുന്നു. ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയതിലൂടെ ഉത്സവ നടത്തിപ്പിൽ പുതിയൊരു മാതൃകയാണ് ക്ഷേത്രസമിതി സൃഷ്ടിച്ചത്.

### ചുമതലയേറ്റു

നവകേരളം കർമപദ്ധതി കോഴിക്കോട് ജില്ലാ കോർഡിനേറ്ററായി ഷാജി എം.സ്റ്റീഫൻ (സെക്രട്ടറി, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്,കോഴിക്കോട്) ചുമതലയേറ്റു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമനം



## ജലബജറ്റുമായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

വേനൽക്കാലത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും വരൾച്ചയെ അതിജീവിക്കുന്നതിനുമുള്ള നിർദ്ദേശങ്ങ



ളുമായി മലപ്പുറം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ജലബജറ്റ് അവതരിപ്പിച്ചു. ബജറ്റിന്റെ പ്രകാശനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.വി അജയകുമാർ നിർവ്വഹിച്ചു. പ്രകൃതിയിൽ നിന്ന് ലഭ്യമാകുന്ന ജലം സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൃഷി, ഇറിഗേഷൻ, ജലസേചനം, എം.ജി.എൻആർ.ഇ.ജി.എസ്, മൃഗസംരക്ഷണം എന്നീ വിവിധ വകുപ്പുകൾ ചേർന്നാണ് പദ്ധതി നടപ്പിലാക്കിയത്. ചടങ്ങിൽ ബ്ലോക്ക് വൈസ് പ്രസിഡന്റ് സി. പി ഉമ്മുകുൽസു അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്റർ ഡോ.പി സീമ പദ്ധതി വിശദീകരിച്ചു.

## മെൻസ്ട്രുവൽ കപ്പും ഇൻസിനറേറ്ററുകളും : വിതരണം പൂർത്തിയാവുന്നു

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ മെൻസ്ട്രുവൽ കപ്പും നാപ്കിൻ സംസ്കരണത്തിനുള്ള ഇൻസിനറേറ്ററും വിതരണം ചെയ്യുന്ന പദ്ധതി പൂർത്തിയാവുന്നു. ആർത്തവ ശുചിത്വ ഉത്പന്നങ്ങളുടെ പ്രചാരണവും ആർത്തവ ആരോഗ്യവും ഇതുസംബന്ധിച്ച ബോധവൽക്കരണവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2026 ജനുവരി 20 ന് കൊല്ലം ജില്ലയിൽ വെളിയം ഗ്രാമപഞ്ചായത്തിലെ മുട്ടറ ഗവ. ഹയർസെക്കൻഡറി & വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗാപാൽ നിർവഹിച്ചു. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ആർ. ലതാദേവി അധ്യക്ഷയായി. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പദ്ധതി വിശദീകരണവും കൊല്ലം ജില്ലാ കളക്ടർ എൻ. ദേവീദാസ് ഐ.എ.എസ്. മുഖ്യപ്രഭാഷണവും നിർവഹിച്ചു.

2025-26 ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് എച്ച്.എൽ.എൽ. ലൈഫ് കെയറുമായി ചേർന്നാണ് പദ്ധതി നടപ്പാക്കിയത്. ആർത്തവകാല ഉപയോഗ ശേഷമുള്ള സാനിറ്ററി നാപ്കിനുകളുടെ ശാസ്ത്രീയ സംസ്കരണത്തിന് വിദ്യാർത്ഥിനികൾ കൂടുതലുള്ള സ്കൂളുകളിലും കോളേജുകളിലുമായി 322 ഇടങ്ങളിലാണ് ഇൻസിനറേറ്റർ സ്ഥാപിച്ചത്. ഹരിതകേരളം മിഷൻ നടത്തിയ സർവേ അടിസ്ഥാനപ്പെടുത്തി തിരഞ്ഞെടുത്ത സ്കൂളുകളിലും കോളേജുകളിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലുമായി 1.69 ലക്ഷം മെൻസ്ട്രുവൽ കപ്പുകളാണ് പദ്ധതിയിലൂടെ വിതരണം ചെയ്തത്. ഒരു ജില്ലയിലെ അഞ്ച് ഹയർ സെക്കൻഡറി സ്കൂളുകളും എല്ലാ ഗവ. കേളേജുകളും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ഏറ്റെടുത്ത 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുമാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെട്ടത്. സ്കൂളുകളിലും കോളേജുകളിലും മതിയായ ആർത്തവ ശുചിത്വ സംവിധാനങ്ങൾ സജ്ജമാക്കുക, പരിസ്ഥിതി സൗഹൃദ ആർത്തവ ശുചിത്വ ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. പദ്ധതി ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനായി പ്രത്യേക ക്ലാസുകളും ശിൽപശാലകളും ഇതോടൊപ്പം സംഘടിപ്പിച്ചിരുന്നു.

## ഇവിടം ഹരിതമയം
### ഹരിത സിവിൽസ്റ്റേഷൻ

ഹരിതകേരളം മിഷന്റെ പരിസ്ഥിതി പുനസ്ഥാപന രംഗത്തെ നേർക്കാഴ്ചയാണ് കോഴിക്കോട് കൊയിലാണ്ടി സിവിൽ സ്റ്റേഷൻ. ഹരിത ഓഫീസ് എന്ന ലക്ഷ്യം കൈവരിച്ച് കൂടുതൽ സൗന്ദര്യവത്കരണം ഉറപ്പാക്കുകയാണ് ഈ ഘട്ടത്തിൽ.

മുമ്പ് ഉണ്ടായിരുന്ന മാലിന്യപരിപാലന പ്രശ്നങ്ങളെല്ലാം തന്നെ കൃത്യമായ് അഭിമുഖീകരിക്കാനും ശുചിത്വ സുന്ദര സിവിൽ സ്റ്റേഷനായി




മാറ്റാനും സാധിച്ചു. ഒരു ചെറിയ തുടക്കം ഇവിടുത്തെ 200 ൽ പരം ജീവനക്കാരിലും ദിവസേന എത്തുന്ന സാധാരണ ജനങ്ങളിലും മാറ്റങ്ങളുണ്ടാക്കി. ഹരിത ഓഫീസും, പരിസര ശുചിത്വവും, മാലിന്യ പരിപാലനവും ഇതിനോടകം പ്രാവർത്തികമാക്കാൻ കഴിഞ്ഞു.

## ചങ്ങാതിക്കൊരു തൈ

ഒരു തൈ നടാം വൃക്ഷവത്കരണ ക്യാമ്പയിന്റെ ഭാഗമായി കൊല്ലം പുതിയകാവ്-അമൃത വിദ്യാലയത്തിൽ 'ചങ്ങാതിക്കൊരു തൈ പരിപാടി സംഘടിപ്പിച്ചു. കുലശേഖരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അരുൺരാജ് പി.ഡി. വൃക്ഷത്തൈകൾ കുട്ടികൾക്ക് വിതരണം ചെയ്ത് പരിപാടി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ പവിത്ര ഉണ്ണിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സ്കൂൾ പ്രിൻസിപ്പാൾ സ്വാഗതം ആശംസിച്ചു.

ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. 2000 ഫലവൃക്ഷ തൈകളാണ് കുട്ടികൾ പരസ്പരം കൈമാറ്റം ചെയ്തത്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Archana Shaji, Young Professional | Vivek Vinod, Technical Assistant |
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246